## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4534 — 04.02.2014 ൽ മറുപടിക്ക്

വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട്സ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, പി.എ.മാധവൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട്സ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ | (ബി) പൊതുജനങ്ങൾ ധാരാളമായി കടന്നുവരുന്ന സർക്കാർ ആഫീസുകളിൽ പൊതുജനസേവനം സുഗമവും, കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുകയാണ് ഇതിന്റെ ലക്ഷ്യം. |
| (സി) ഇത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) & (ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ